# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 30

# വാർത്താക്കുറിപ്പ്

## പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.എ. ഫിലോസഫി (പ്രൈവറ്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജനുവരി 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2292/2019)

2019 നവംബറിൽ ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2293/2019)

## സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷ പരിശീലനം ഇന്ന് (ഡിസംബർ 31) ആരംഭിക്കും

ബി.കോം. (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക്, സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക്/സെക്രട്ടറി തസ്തികകളിലേക്ക് നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കും കേരള പി.എസ്.സി. നടത്തുന്ന കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പരീക്ഷയ്ക്കുമായി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ സംഘടിപ്പിക്കുന്ന തീവ്രപരിശീലന പരിപാടി ഇന്ന് (ഡിസംബർ 31) ആരംഭിക്കും. ഏതാനും സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481-2731025, 9446124931.

(പി.ആർ.ഒ/39/2294/2019)

## മാസ്സ്പെക്ട്രോമെട്രി ശില്പശാല

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ്സ് ഫെസിലിറ്റിയും സംയുക്തമായി മാസ്സ്പെക്ട്രോമെട്രിയിൽ സംഘടിപ്പിക്കുന്ന ശില്പശാല ജനുവരി 15 മുതൽ 19 വരെ നടക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ സംഘടിപ്പിക്കുന്ന ശില്പശാലയിൽ പങ്കെടുക്കുന്നതിന് ജനുവരി അഞ്ചുവരെ അപേക്ഷിക്കാം. രജിസ്ട്രേഷൻ ഫീസ് 5000 രൂപ. saif@mgu.ac.in എന്ന ഇമെയിലിലൂടെ രജിസ്ട്രേഷൻ നടത്താം. വിശദവിവരത്തിന് www.saifmgu.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 7025612363, 9447777259.

(പി.ആർ.ഒ/39/2295/2019)

## കേരള ചരിത്ര കോൺഗ്രസ് ജനുവരി ഒൻപതു മുതൽ എം.ജി. സർവകലാശാലയിൽ

അഞ്ചാമത് കേരള ചരിത്ര കോൺഗ്രസ് ജനുവരി ഒൻപതു മുതൽ 11 വരെ മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടക്കും. പ്രൊഫ. ആർ. മഹാലക്ഷ്മി മുഖ്യപ്രഭാഷണം നടത്തും. ദാക്ഷായണി സ്മാരക പ്രഭാഷണം പ്രൊഫ. ജാനകി നായർ നിർവഹിക്കും.

പ്രൊഫ. ഉദയകുമാർ, പ്രൊഫ. നജാഫ് ഹൈദർ, പ്രൊഫ. നന്ദിത ബാനർജി എന്നിവർ സാംസ്കാരിക, സാമ്പത്തിക, ചലച്ചിത്ര ചരിത്രത്തെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തും. പ്രൊഫ. രാജൻ ഗുരുക്കൾ, ഡോ. കൃഷ്ണൻ നായർ, പ്രൊഫ. വി.പി. ഗംഗാധരൻ, ഡോ. ടി.കെ. ജയകുമാർ, പ്രൊഫ. അബ്ദുൾ റസാഖ്, പ്രൊഫ. ടി.ടി. ശ്രീകുമാർ, പ്രൊഫ. കെ.എൻ. ഗണേഷ്, പ്രൊഫ. സനൽ മോഹൻ, പ്രൊഫ.

കെ.എസ്. മാധവൻ, പ്രൊഫ. അനൂപ്കുമാർ ധർ, പ്രൊഫ. വെർജിനസ് സാസാ, പ്രൊഫ. ബിപിൻ കിഷോർ ജോജോ, പ്രൊഫ. ഭംഗ്യ മുഖിയ, പ്രൊഫ. അലക്സ് അക്കുപ്, പ്രൊഫ. എസ്.ആർ. ബോധി, പ്രൊഫ. സുചേത മഹാജൻ, പ്രൊഫ. രാകേഷ് ഭടഭ്യാൽ എന്നിവർ പങ്കെടുക്കും. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖല വെല്ലുവിളികൾ, രോഗങ്ങൾ, ആരോഗ്യം, മരുന്നുകൾ - ചരിത്രം, ഗാന്ധിയും ഇന്ത്യൻ ദേശീയ പ്രസ്ഥാനവും, ട്രൈബൽ ഇന്റലക്ച്വൽ കളക്ടീവ് ഇന്ത്യ, ചരിത്രവും സമകാലീന കേരളവും; പ്രശ്നങ്ങൾ, വെല്ലുവിളികൾ, ബദൽ സമീപനങ്ങൾ എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും.

ചരിത്ര കോൺഗ്രസിന്റെ ഭാഗമായി ജനുവരി നാലിന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് കോൺഫറൻസ് ഹാളിൽ ഗാന്ധിയുടെ മതേതര ആശയങ്ങൾ എന്ന വിഷയത്തിൽ ഡൽഹി സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഡെവലപ്പിംഗ് സൊസൈറ്റീസിലെ പ്രൊഫ. രാജീവ് ഭാർഗവൻ ജ്ഞാനപ്രഭാഷണം നടത്തും.

ചരിത്ര കോൺഗ്രസിൽ 1500 രൂപയാണ് പ്രതിനിധികൾക്കുള്ള രജിസ്ട്രേഷൻ ഫീസ്. വിദ്യാർഥികൾക്ക് 750 രൂപ. ജനുവരി അഞ്ചുവരെ ഓൺലൈനായി ഫീസടയ്ക്കാം. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് താമസസൗകര്യം അനുവദിക്കുക. പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം keralahistory2019@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർക്ക് ജനുവരി അഞ്ചുവരെ ഇമെയിൽ വിലാസത്തിൽ പേപ്പറുകൾ സമർപ്പിക്കാം. വിശദവിവരത്തിന് ഫോൺ: 9447887321.

(പി.ആർ.ഒ/39/2296/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 30

# വാർത്താക്കുറിപ്പ്

## പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.എ. ഫിലോസഫി (പ്രൈവറ്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജനുവരി 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2292/2019)

2019 നവംബറിൽ ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2293/2019)

## സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷ പരിശീലനം ഇന്ന് (ഡിസംബർ 31) ആരംഭിക്കും

ബി.കോം. (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക്, സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക്/സെക്രട്ടറി തസ്തികകളിലേക്ക് നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയും കേരള പി.എസ്.സി. നടത്തുന്ന കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പരീക്ഷയുമായി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ സംഘടിപ്പിക്കുന്ന തീവ്രപരിശീലന പരിപാടി ഇന്ന് (ഡിസംബർ 31) ആരംഭിക്കും. ഏതാനും സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481-2731025, 9446124931.

(പി.ആർ.ഒ/39/2294/2019)

## മാസ്സ്പെക്ട്രോമെട്രി ശില്പശാല

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ്സ് ഫെസിലിറ്റിയും സംയുക്തമായി മാസ്സ്പെക്ട്രോമെട്രിയിൽ സംഘടിപ്പിക്കുന്ന ശില്പശാല ജനുവരി 15 മുതൽ 19 വരെ നടക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ സംഘടിപ്പിക്കുന്ന ശില്പശാലയിൽ പങ്കെടുക്കുന്നതിന് ജനുവരി അഞ്ചുവരെ അപേക്ഷിക്കാം. രജിസ്ട്രേഷൻ ഫീസ് 5000 രൂപ. saif@mgu.ac.in എന്ന ഇമെയിലിലൂടെ രജിസ്ട്രേഷൻ നടത്താം. വിശദവിവരത്തിന് www.saifmgu.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 7025612363, 9447777259.

(പി.ആർ.ഒ/39/2295/2019)

## കേരള ചരിത്ര കോൺഗ്രസ് ജനുവരി ഒൻപതു മുതൽ എം.ജി. സർവകലാശാലയിൽ

അഞ്ചാമത് കേരള ചരിത്ര കോൺഗ്രസ് ജനുവരി ഒൻപതു മുതൽ 11 വരെ മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടക്കും. പ്രൊഫ. ആർ. മഹാലക്ഷ്മി മുഖ്യപ്രഭാഷണം നടത്തും. ദാക്ഷായണി സ്മാരക പ്രഭാഷണം പ്രൊഫ. ജാനകി നായർ നിർവഹിക്കും.

പ്രൊഫ. ഉദയകുമാർ, പ്രൊഫ. നജാഫ് ഹൈദർ, പ്രൊഫ. നന്ദിത ബാനർജി എന്നിവർ സാംസ്കാരിക, സാമ്പത്തിക, ചലച്ചിത്ര ചരിത്രത്തെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തും. പ്രൊഫ. രാജൻ ഗുരുക്കൾ, ഡോ. കൃഷ്ണൻ നായർ, പ്രൊഫ. വി.പി. ഗംഗാധരൻ, ഡോ. ടി.കെ. ജയകുമാർ, പ്രൊഫ. അബ്ദുൾ റസാഖ്, പ്രൊഫ. ടി.ടി. ശ്രീകുമാർ, പ്രൊഫ. കെ.എൻ. ഗണേഷ്, പ്രൊഫ. സനൽ മോഹൻ, പ്രൊഫ.

കെ.എസ്. മാധവൻ, പ്രൊഫ. അനൂപ്കുമാർ ധർ, പ്രൊഫ. വെർജിനസ് സാസാ, പ്രൊഫ. ബിപിൻ കിഷോർ ജോജോ, പ്രൊഫ. ഭംഗ്യ മുഖിയ, പ്രൊഫ. അലക്സ് അക്കുപ്, പ്രൊഫ. എസ്.ആർ. ബോധി, പ്രൊഫ. സുചേത മഹാജൻ, പ്രൊഫ. രാകേഷ് ഭടഭ്യാൽ എന്നിവർ പങ്കെടുക്കും. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖല വെല്ലുവിളികൾ, രോഗങ്ങൾ, ആരോഗ്യം, മരുന്നുകൾ - ചരിത്രം, ഗാന്ധിയും ഇന്ത്യൻ ദേശീയ പ്രസ്ഥാനവും, ട്രൈബൽ ഇന്റലക്ച്വൽ കളക്ടീവ് ഇന്ത്യ, ചരിത്രവും സമകാലീന കേരളവും; പ്രശ്നങ്ങൾ, വെല്ലുവിളികൾ, ബദൽ സമീപനങ്ങൾ എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും.

ചരിത്ര കോൺഗ്രസിന്റെ ഭാഗമായി ജനവരി നാലിന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് കോൺഫറൻസ് ഹാളിൽ ഗാന്ധിയുടെ മതേതര ആശയങ്ങൾ എന്ന വിഷയത്തിൽ ഡൽഹി സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഡെവലപ്പിംഗ് സൊസൈറ്റീസിലെ പ്രൊഫ. രാജീവ് ഭാർഗവൻ ജ്ഞാനപ്രഭാഷണം നടത്തും.

ചരിത്ര കോൺഗ്രസിൽ 1500 രൂപയാണ് പ്രതിനിധികൾക്കുള്ള രജിസ്ട്രേഷൻ ഫീസ്. വിദ്യാർഥികൾക്ക് 750 രൂപ. ജനവരി അഞ്ചുവരെ ഓൺലൈനായി ഫീസടയ്ക്കാം. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് താമസസൗകര്യം അനുവദിക്കുക. പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം keralahistory2019@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർക്ക് ജനവരി അഞ്ചുവരെ ഇമെയിൽ വിലാസത്തിൽ പേപ്പറുകൾ സമർപ്പിക്കാം. വിശദവിവരത്തിന് ഫോൺ: 9447887321.

(പി.ആർ.ഒ/39/2296/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ